(ബി) കെട്ടിടങ്ങളിൽ പലതും പഴക്കം ചെന്നവയാണെങ്കിലും ഉപയോഗരഹിതങ്ങളല്ല. പ്രസ്തുത കെട്ടിടങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കായി ഇക്കൊല്ലം 49,000 രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവല്ലാ ഗവൺമെൻറ് ആശുപത്രി

61 [98] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ ഗവൺമെൻറ് ആശുപത്രി കെട്ടിടത്തിൻെറ ചില ഭാഗങ്ങൾ അപകടകരമാണെന്നു പൊതുമരാമത്തു വകുപ്പു മുന്നറിയിപ്പു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിവരം ലഭിച്ചിട്ട് എത്രമാസമായി എന്നു വ്യക്തമാക്കുമോ;

(സി) ഈ കെട്ടിടങ്ങൾ പുതിക്കിപ്പണിതു ഉപയോഗപ്രദമാക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിലെ ആനുകൂല്യങ്ങൾ നൽകാൻ നടപടി

62 [99] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ടിൻെറ ആനുകൂല്യങ്ങൾ ഇനിയും നൽകാതിരിക്കുന്നതിൻെറ കാരണം വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ഹോമിയോ കോളേജിലെ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയ സാഹചര്യത്തിൽ ഈ ആനുകൂല്യം കോഴിക്കോട് ഹോമിയോ മെഡിക്കൽകോളേജിലെ വിദ്യാർത്ഥികൾക്ക് കൂടി മുൻകാല പ്രാബല്യത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ഗവൺമെൻറ് ഹോമിയോ മെഡിക്കൽ കോളേജിലെ ഇപ്പോഴുള്ള ഒന്നും രണ്ടും ബാച്ച് വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിൻെറ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(ബി) തിരുവനന്തപുരം ഹോമിയോ കോളേജ് വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly